593C/19/HRD.

"ഭരണ ഭാഷ – മാതൃഭാഷ"

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**

**(സംസ്ഥാന നൈപുണ്യ വികസന മിഷൻ)**

**തൊഴിലും നൈപുണ്യവും വകുപ്പ്**

**കേരള സർക്കാർ**

KASE-07/2017 17/05/2019

22/30.5.19

പ്രേഷിതൻ,

മാനേജിംഗ് ഡയറക്ടർ
കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.

സ്വീകർത്താവ്,

ഡയറക്ടർ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്.

സർ,

വിഷയം: സ്റ്റേറ്റ് ജോബ് പോർട്ടൽ, സ്കിൽ രജിസ്ട്രി ആശയം - സംബന്ധിച്ച്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സമൂഹത്തിലെ വിവിധ മേഖലകളിൽ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാല സംവിധാനമായ ജോബ് പോർട്ടൽ (www.statejobportal.kerala.gov.in) തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിലൂടെ പ്രവർത്തിച്ചു വരുന്ന വിവരം അറിയിച്ചു കൊള്ളുന്നു. തൊഴിൽ അന്വേഷകർക്ക് സ്വന്തം വിവരങ്ങൾ പോർട്ടലിൽ അപ്ഡേറ്റ് ചെയ്തു തങ്ങൾക്കു അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിൽദാതാവിന് തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്കു അനുയോജ്യമായ ഉദ്യോഗാർഥിയെ കണ്ടെത്തുന്നതിനും സാധിക്കും. അടിസ്ഥാന തലം മുതൽ മാനേജ്മെന്റ് തലം വരെയുള്ള വിവിധ മേഖലകളിലെ തൊഴിലവസരങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനു ഈ ജോബ് പോർട്ടലിലൂടെ സാധിക്കും. പോർട്ടലിൽ തൊഴിലന്വേഷകരുടെയും തൊഴിൽ ദാതാക്കളുടെയും രജിസ്ട്രേഷൻ, ഡാറ്റാ അനാലിസിസ്, ഡിജിലോക്കർ സംവിധാനം, ലേർണിംഗ് മാനേജ്മന്റ് സംവിധാനം , ജോബ് ബ്ലോഗ് തുടങ്ങിയ നിരവധി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഡാറ്റാബേസ്

സംയോജിപ്പിച്ച ഏകീകൃത ഡാറ്റബേസ് രൂപപ്പെടുത്തിയെടുക്കുന്നതിനും. പൊതു സ്വകാര്യ മേഖലകളിലെ തൊഴിലവസരങ്ങളെ ഒരു കുടക്കീഴിൽ എത്തിക്കുന്നതിനും ഇതിലൂടെ സാധിക്കും.

ദൈനം ദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി (www.keralaskillregistry.com) എന്ന പേരിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത കാര്യം അറിയിച്ചു കൊള്ളുന്നു. വിദഗ്ധ തൊഴിലാളികളുടെ സ്കിൽ രജിസ്ട്രി രൂപീകരണത്തിലൂടെ പ്ലമ്പർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക തൊഴിൽ എന്നിങ്ങനെ വിവിധങ്ങളായ ദൈനം ദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു വിരൽ തുമ്പിൽ ലഭ്യമാകും. തൊഴിൽ വൈദഗ്ധ്യമുള്ളവരെ സർവീസ് പ്രൊവൈഡർ ആയും, ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യിക്കാവുന്നതാണ്. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഏകീകരണത്തിലൂടെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട വിപുലമായ സ്കിൽ രജിസ്ട്രി തയ്യാറാക്കാനും ഏകീകൃത ഡാറ്റാബേസ് ലഭ്യമാക്കാനും സ്കിൽ രജിസ്ട്രി പോർട്ടലിലൂടെ സാധിക്കും. സ്കിൽ രജിസ്ട്രി വെബ് പോർട്ടൽ ആയും മൊബൈൽ ആപ്പ് ആയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജൂൺ മാസം അവസാനവാരത്തോടെ ഇതിന്റെ സേവനം പൊതു ജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. പ്രാഥമിക ഘട്ടത്തിൽ വ്യാവസായിക പരിശീലന വകുപ്പ്, കുടുംബശ്രീ, എംപ്ലോയ്മെന്റ് വകുപ്പ്, പഞ്ചായത്ത് ഡയറക്ടറേറ്റ് എന്നിവരുടെ സഹകരണത്തോടെ വിദഗ്ധ തൊഴിലാളികളുടെ ഡാറ്റ ബാങ്ക് തയ്യാറാക്കി തിരുവനന്തപുരം ജില്ലയിൽ ഇത് നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സ്കിൽ രജിസ്ട്രിയിൽ താങ്കളുടെ വകുപ്പുമായി ബന്ധപ്പെട്ട മേഖലകളിലെ തൊഴിൽ വൈദഗ്ധ്യമുള്ള വ്യക്തികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനും, സ്റ്റേറ്റ് ജോബ് പോർട്ടലിൽ തൊഴിലന്വേഷകരെയും തൊഴിൽ ദാതാവിനെയും രജിസ്റ്റർ ചെയ്യിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട വിപുലമായ പ്രചാരണത്തിനും തുടർ പ്രവർത്തനങ്ങൾക്കും അങ്ങയുടെ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഇണ്ടാസ് നമ്പർ: ഇബി3/5930/2019/എച്ച്.ആർ.ഡി

തീയതി: 03.06.2019

1. പകർപ്പ് തുടർനടപ്പടികൾക്കായി എല്ലാ സ്ഥാപനമേധാവികൾക്കും
2. എല്ലാ സെക്ഷൻ മേധാവികൾക്കും
3. കരുതൽ ഫയൽ
4. ഓഫീസ് പകർപ്പ്

ഒപ്പ്
ഡയറക്ടർ

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ